# കേരളസർവകലാശാല

നം.പി.ആർ.99/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. തമിഴ് ലാംഗേജ് & ലിറ്ററേച്ചർ, എം.എ. ഇസ്ലാമിക് ഹിസ്റ്ററി, 2022 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ബിഹേവിയറൽ ഇക്കണോമിക്സ് & ഡാറ്റാ സയൻസ്, എം.എസ്സി. ബോട്ടണി (എത്തനോബോട്ടണി & എത്തനോഫാർമക്കോളജി) എം.എസ്.ഡബ്ല്യൂ. ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി 2023 മെയ് 29. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2023 മെയ് 29 ന് മുൻപ് www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. സർവകലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല.

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ കെമിസ്ട്രി/അനലിറ്റിക്കൽ കെമിസ്ട്രി/അപ്ലൈഡ് കെമിസ്ട്രി/പോളിമർ കെമിസ്ട്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി 2023 മെയ് 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധന്ക്കുള്ള അപേക്ഷ 2023 മെയ് 30 ന് മുൻപ് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി/മേഴ്സിചാൻസ് വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. സർവകലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. റെഗുലർ (2021 അഡ്മിഷൻ – slcm), സപ്ലിമെന്ററി (2012 – 2020 അഡ്മിഷൻ), മേഴ്സിചാൻസ് (2011 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 30വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2023 ജൂൺ 5 ന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.ഡെസ്. ഫാഷൻ ഡിസൈൻ, ജൂൺ 2023 പരീക്ഷയുടെയും 2023 ജൂൺ 22 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.ഡെസ്. ഫാഷൻ ഡിസൈൻ, ജൂൺ 2023 പരീക്ഷയുടെയും ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈ 3 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്പ്ച്ചർ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മെയ് 29 ന് ആരംഭിക്കുന്ന ജർമ്മൻ A1 (ഡ്യൂഷ് A1) പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്സ്, ജനുവരി 2023 പരീക്ഷയുടെ 2023 മെയ് 25 ന് നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷ മെയ് 24 ലേക്ക് മാറ്റിവച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.ബി.എ. പ്രവേശനം – ഓൺലൈൻ രജിസ്ട്രേഷൻ

കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ) യിൽ നടത്തുന്ന എം.ബി.എ. (ജനറൽ), എം.ബി.എ (ട്രാവൽ & ടൂറിസം), എം.ബി.എ. (ഷിപ്പിംഗ് & ലോജിസ്റ്റിക്സ്) പ്രോഗ്രാമുകളിലേക്കുള്ള (2023-2025) ഓൺലൈൻ രജിസ്ട്രേഷൻ 2023 മെയ് 22 ന് അവസാനിക്കും. 50% മാർക്കോടെയുള്ള ബിരുദം/ബിരുദാനന്തരബിരുദവും, ക്യാറ്റ്/സി-മാറ്റ്/കെ-മാറ്റ് സ്കോറുമാണ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത. ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവിനും ശേഷമാകും പ്രവേശനം നടത്തുക. അപേക്ഷ സമർപ്പിക്കുന്നതിനും മറ്റു വിവരങ്ങൾക്കും **www.admissions.keralauniversity.ac.in** സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് **0471-2301145.**

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി. ഇലക്ട്രോണിക്സ് (340) ഗ്രൂപ്പ് 2 (b), മേഴ്സി ചാൻസ് – 2010, 2011 & 2012 അഡ്മിഷൻ, നവംബർ 2022 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്/ഹാൾടിക്കറ്റുമായി 2023 മെയ് 23 മുതൽ 30 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ EJ-III (മൂന്ന്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

**തിരുവനന്തപുരം**
**20.05.2023.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**